**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6836** **21-03-2023 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതി ലിസ്റ്റിൽ പേരുള്ള വീട് നിർമ്മാണത്തിന് അനുമതി ലഭിച്ച ഗുണഭോക്താക്കൾ ഭൂമി തരം മാറ്റത്തിന് അപേക്ഷ സമർപ്പിച്ച് തീരുമാനത്തിനായി കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗുണഭോക്താക്കളുടെ ഭൂമി തരം മാറ്റി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | ലൈഫ് പദ്ധതി ലിസ്റ്റിൽ പേരുള്ള വീട് നിർമ്മാണത്തിന് അനുമതി ലഭിച്ച ഗുണഭോക്താക്കൾ ഭൂമി തരം മാറ്റത്തിന് അപേക്ഷ സമർപ്പിച്ച് തീരുമാനത്തിനായി കാത്തിരിക്കുന്ന സാഹചര്യം നിലവിലുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല .<br><br>എന്നിരുന്നാലും, ലൈഫ് മിഷൻ ഭവന പദ്ധതിയിലുൾപ്പടെ, മുൻഗണന നല്കേണ്ടുന്ന ആവശ്യങ്ങൾക്ക്, രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ, റവന്യൂ ഡിവിഷണൽ ഓഫീസർ, സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട് എന്നിവരടങ്ങുന്ന സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേർന്ന്, രേഖകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് ഇതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയറിലൂടെ നിർദേശം നല്കിയിട്ടുള്ളതാണ്. ഇതിൽ ലൈഫ് മിഷൻ പദ്ധതിയിൽ വീട് അനുവദിച്ചതായ കേസുകളിൽ, പ്രത്യേക മുൻഗണന നൽകി അടിയന്തിരമായി തീരുമാനമെടുത്ത് വരുന്നു. |

സെക്ഷൻ ഓഫീസർ